സ്റ്റുഡൻറ് പോലീസ് കേഡറ്റ് ജില്ലാതല ക്വിസ് മത്സരം നടത്തി. റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന മത്സരത്തിൽ നാൽപ്പത്തിയെട്ട് യൂണിറ്റുകളിൽ നിന്നായി ഇരുന്നൂറിലേറെ കേഡറ്റുകൾ പങ്കെടുത്തു. മൂവാറ്റുപുഴ എസ്.എൻ.ഡി.പി എച്ച്.എസ്.എസ് ഒന്നാം സ്ഥാനവും, രാമമംഗലം ഹൈസ്ക്കൂൾ രണ്ടാം സ്ഥാനവും, കൈതാരം ജി.എച്ച്.എച്ച്.എസ്.എസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. അഡീഷണൽ എസ്.പി കെ.എം.ജിജിമോൻ സമ്മാനം വിതരണം ചെയ്തു. ആർജ്ജിച്ച അറിവുകൾ മറ്റുള്ളവരിലേക്ക് പങ്കു വയ്ക്കാനുള്ളതാണെന്ന് അദ്ദേഹം പറഞ്ഞു. നർക്കോട്ടിക്ക് സെൽ ഡി.വൈ.എസ്.പി പി.പി.ഷംസ് അധ്യക്ഷത വഹിച്ചു. ഡി.വൈ.എസ്.പി അർ.റാഫി, എ.ഡി.എൻ.ഒ പി.എസ്.ഷാബു, പി.എസ്.പണിക്കർ, കബീർ മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു. മത്സരങ്ങൾ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ് ഉദ്ഘാടനം ചെയ്തു.